പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1198 — 03.12.2018- ൽ മറുപടിക്ക്

## അങ്കമാലി ബൈപ്പാസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോജി എം. ജോൺ | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി പട്ടണത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;വിശദാംശം ലഭ്യമാക്കാമോ; ഇതിന് പരിഹാരം കാണുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;വിശദമാക്കാമോ;<br><br>(ബി) 02.06.2017- ൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതിയും 2017 ൽ തന്നെ കിഫ്ബി അംഗീകാരം നല്കിയതുമായ അങ്കമാലി ബൈപ്പാസ് പദ്ധതി നാളിതുവരെയായി തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗതാഗതക്കുരുക്കിന് പരിഹാരമായി അങ്കമാലി - കൊച്ചി എയർപോർട്ട് ബൈപ്പാസ് (ഫേസ്-1) കരയാമ്പറമ്പ് തുടങ്ങി അങ്കമാലി റെയിൽവേസ്റ്റേഷൻ വരെയുള്ള പ്രവൃത്തിക്ക് 190.16 കോടി രൂപയ്ക്ക് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ എസ്.പി.വി-യായി ആർ.ബി.ഡി.സി.കെ-യെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 02.06.2017 ലെ സഉ(സാധാ)771/2017/പൊമവ പ്രകാരം 390.68 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട് .ഇതു പ്രകാരം 25 മീറ്റർ നാലുവരിപ്പാതയ്ക്കാണ് അംഗീകാരം നൽകിയിരിക്കുന്നത്. പ്രസ്തുത പാതയുടെ അലൈൻമെന്റ് എൻ.എച്ച് 544-ൽ കരയാമ്പറമ്പ് ജംഗ്ഷനിൽ നിന്ന് ആരംഭിച്ച് എൻ.എച്ച് 544-ലെ തന്നെ അങ്കമാലി റെയിൽവേസ്റ്റേഷന്റെ അടുത്ത് അവസാനിക്കുന്നു. ഈ അലൈൻമെന്റ് മങ്ങാട്ടുകര അമ്പലത്തിനും അതിന്റെ കടവിനും മധ്യേയാണ് കടന്നു പോകുന്നത്. ബഹു.അങ്കമാലി എം.എൽ.എ ശ്രീ. റോജി ജോൺ , അമ്പലം വക സ്ഥലം ഒഴിവാക്കി മാറ്റിക്കൊണ്ടുള്ള അലൈൻമെന്റ് ആണ് നിർദ്ദേശിച്ചിട്ടുള്ളത്. അമ്പലം വക സ്ഥലം ഒഴിവാക്കുമ്പോൾ പ്രസ്തുത അലൈൻമെന്റ് ഈ പോയിന്റിൽ നിന്നും മാഞ്ഞാലി തോടിനു മുകളിലൂടെ കൊണ്ടുപോകേണ്ടതിനാൽ 120 മീറ്റർ നീളം ഉള്ള പാലം നിർമ്മിക്കേണ്ടി വരുന്നു. കൂടാതെ 2018 ആഗസ്റ്റ് മാസമുണ്ടായ അസാധാരണമായ വെള്ളപ്പൊക്കത്തിന്റെ വെളിച്ചത്തിൽ ചതുപ്പുനിലത്ത് എംബാക്ക്മെന്റോടുകൂടി ഇപ്പോൾ അംഗീകരിച്ചിരിക്കുന്ന പദ്ധതിരേഖ പുനർവിചിന്തനം ചെയ്യേണ്ട ആവശ്യകത ഉള്ളതായി കാണുന്നു. പദ്ധതിരൂപരേഖ തയ്യാറാക്കിയ കൺസൾട്ടന്റായ കിറ്റ്കോയോട് ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കാര്യങ്ങളിൽ തീരുമാനം |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കേണ്ടതുള്ളതുകൊണ്ടാണ് പദ്ധതിയുടെ സ്ഥലമെടുപ്പ് നടപടികൾ തുടങ്ങുവാൻ സാധിക്കാത്തത്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതിയ്ക്കായും ഭൂമി ഏറ്റെടുക്കുന്നതിനായും യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിന് റവന്യൂ ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെ യോഗം ഈ സർക്കാർ എപ്പോഴെങ്കിലും വിളിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പും ഇതിന്മേൽ വകുപ്പ് സ്വീകരിച്ച തുടർനടപടികളും ലഭ്യമാക്കാമോ; | (സി) & (ഡി) | സ്ഥലമെടുപ്പ് നടപടികൾ തുടങ്ങുവാൻ കഴിയാത്തതിനാൽ ഭൂമി ഏറ്റെടുക്കുവാനുള്ള അതിർത്തിക്കല്ലുകൾ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതിക അനുമതി, ഭൂമി ഏറ്റെടുക്കൽ , തുടങ്ങിയ നടപടികൾ വേഗത്തിലാക്കാൻ 21.06.2018 ന് ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥരുടെയും, ആർ.ബി.ഡി.സി.കെ, കിറ്റ്കോ ഉദ്യോഗസ്ഥരുടെയും അങ്കമാലി നഗരസഭ അദ്ധ്യക്ഷ, കറുകുറ്റി പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെയും യോഗം ചേരാൻ തീരുമാനിച്ചിരുന്നുവെങ്കിലും മാറ്റിവയ്ക്കുകയാണുണ്ടായത് |
| (ഡി) | അങ്കമാലി ബൈപ്പാസ് ഡിവിഷൻ വിഷയം ചർച്ച ചെയ്യുന്നതിന് ബഹു. വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21.06.2018ന് ചേരാനിരുന്ന യോഗം മാറ്റി വച്ചത് പിന്നീട് ചേർന്നിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതിയ യോഗ തീയതി അറിയിക്കാമോ; | | |
| (ഇ) | അങ്കമാലി ബൈപ്പാസ് യാഥാർത്ഥ്യമാക്കുന്നതിന് എന്ത് നടപടിയാണ് വകുപ്പ് തുടർന്ന് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ? | (ഇ) | അലൈൻമെന്റിൽ ഭേദഗതി നിർദ്ദേശിച്ചിട്ടുള്ളതിനാലും, 2018 ആഗസ്റ്റ് മാസമുണ്ടായ അസാധാരണമായ വെള്ളപ്പൊക്കത്തിന്റെ വെളിച്ചത്തിൽ ചതുപ്പുനിലത്ത് എംബാക്ക്മെന്റോട്ടുകൂടി ഇപ്പോൾ അംഗീകരിച്ചിരിക്കുന്ന പദ്ധതിരേഖ പുനർവിചിന്തനം ചെയ്യേണ്ട ആവശ്യകത ഉള്ളതിനാലും. പദ്ധതിരൂപരേഖ തയ്യാറാക്കിയ കൺസൾട്ടന്റായ കിറ്റ്കോയോട് ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായാലേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ |

S. Bindu

സെക്ഷൻ ഓഫീസർ